## ഹദീസ്

എസ്സെംകെ

# കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم : المرء عَلَى دِينِ خَلِيلِهِ
فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِلُ (رواه احمد والترمذى وابو داود والبيهقى).

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: മനുഷ്യൻ തന്റെ കൂട്ടുകാരന്റെ മാർഗത്തിലായിരിക്കും. അതിനാൽ നിങ്ങൾ ഓരോരുത്തരും താൻ ആരുമായി കൂട്ടുകൂടണമെന്ന് ആലോചിച്ച് തീരുമാനിക്കുക (അഹ്മദ്, തിർമിദി, അബൂദാവൂദ്, ബൈഹഖി).**

എല്ലാ മനുഷ്യരും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടുകൂടിയാണ്. ശിശുക്കൾ പരിശുദ്ധരാണ്, പാപരഹിതരും. അതിനാലാണ് യേശു ശിഷ്യന്മാരോട് ശിശുക്കളെപ്പോലെയാകാൻ ആവശ്യപ്പെട്ടത്. ഏതൊരാളെയും കുടുംബവും സമൂഹവും അഗാധമായി സ്വാധീനിക്കുന്നു. ഏറെപ്പേരും സാഹചര്യങ്ങളുടെ സൃഷ്ടികളായിരിക്കും. സാഹചര്യങ്ങളുടെ സ്രഷ്ടാക്കളാകുന്നവർ വളരെ വിരളമാണ്. അതിന് അചഞ്ചലമായ ഇഛാശക്തി വേണം. അതുള്ളവർ അത്യപൂർവമത്രെ.

മഹാഭൂരിപക്ഷവും ഒഴുക്കിനനുസരിച്ച് നീന്തുന്നവരാണ്. സമൂഹത്തിനൊപ്പം ചരിക്കുന്നവരും. അതുകൊണ്ടുതന്നെ സമൂഹത്താൽ രൂപപ്പെടുത്തപ്പെടുന്നവരും. അത്തരക്കാരുടെ വിശ്വാസ വീക്ഷണങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സ്വഭാവ സമീപനങ്ങളെയും പെരുമാറ്റ സമ്പ്രദായങ്ങളെയും നിർണയിക്കുന്നത് കൂട്ടുകാരും നാട്ടുകാരുമായിരിക്കും.

ആത്മമിത്രങ്ങളുടെ സ്വാധീനം ആരിലും അപാരമായിരിക്കും. ഏറെപ്പേരും കൂട്ടുകാർ പറയുന്നത് കേൾക്കുന്നു. കൽപിക്കുന്നത് അനുസരിക്കുന്നു. നിർദേശിക്കുന്നത് നടപ്പാക്കുന്നു. പലരും വീട്ടുകാരേക്കാൾ കൂട്ടുകാർക്കൊപ്പം കഴിയാനിഷ്ടപ്പെടുന്നവരാണ്. അടുത്ത ബന്ധുക്കളുമായി പങ്കുവെക്കാത്തതുപോലും ആത്മമിത്രങ്ങളോടു തുറന്നു പറയുന്നു. ചിലരിലെങ്കിലും മാതാപിതാക്കളേക്കാൾ സ്വാധീനം സുഹൃത്തുക്കൾക്കായിരിക്കും. കൂട്ടുകാരാൽ നിയന്ത്രിക്കപ്പെടുന്നതായിരിക്കും പലരുടെയും ജീവിതം. അതുകൊണ്ടുതന്നെ സുഹൃത്തുക്കളുടെ തെരഞ്ഞെടുപ്പ് സുപ്രധാനമാണ്. ജീവിതത്തിന്റെ രൂപവും ഭാവവും നിർണയിക്കുന്നതിൽ നിയാമകമായ പങ്കുവഹിക്കുന്നതും.

സമൂഹത്തിൽ ഏറെപ്പേരും ദുശ്ശീലങ്ങൾ പഠിക്കുന്നതും പകർത്തുന്നതും കൂട്ടുകാരിൽനിന്നാണ്. മദ്യപാനം, പുകവലി പോലുള്ളവ പലരും ശീലിക്കാറുള്ളത് സുഹൃത്തുക്കളിൽനിന്നാണ്. മഹാഭൂരിപക്ഷവും ആദ്യം മദ്യപിച്ചിരിക്കുക കൂട്ടുകാരുടെ പ്രേരണക്ക് വഴങ്ങിയായിരിക്കും. പുകവലി തുടങ്ങുന്നതും ഇങ്ങനെത്തന്നെ.

കൂട്ടുകെട്ടിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന അനേകം ഖുർആൻ സൂക്തങ്ങളുണ്ട്. ഭൂമിയിൽ തെറ്റായ കൂട്ടുകെട്ടുണ്ടാക്കുന്നവർ അതിലൂടെ ഉണ്ടാക്കുന്ന നഷ്ടം വളരെ വലുതായിരിക്കും. പരലോകത്ത് സംഭവിക്കുന്ന പരാജയത്തെ സംബന്ധിച്ച് ഖുർആൻ പലയിടങ്ങളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കൂട്ടുകാരനാൽ വഴിപിഴച്ച നിർഭാഗ്യവാൻ വിചാരണാ നാളിലിങ്ങനെ വിലപിക്കും:

''അക്രമിയായ മനുഷ്യൻ ഖേദത്താൽ കൈകടിക്കുന്ന ദിനമാണത്. അയാൾ പറയും: ഹാ കഷ്ടം! ഞാൻ ദൈവദൂതനോടൊപ്പം അദ്ദേഹത്തിന്റെ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ നിർഭാഗ്യം! ഞാൻ ഇന്നയാളെ കൂട്ടുകാരനാക്കിയിരുന്നില്ലെങ്കിൽ! എനിക്ക് ഉദ്ബോധനം വന്നെത്തിയശേഷം അവനെന്നെ അതിൽനിന്ന് തെറ്റിച്ചുകളഞ്ഞല്ലോ. പിശാച് മനുഷ്യനെ സംബന്ധിച്ചേടത്തോളം കൊടിയ വഞ്ചകൻ തന്നെ'' (25: 27-29).

''ചീത്ത കൂട്ടുകാർ അന്ന് പരസ്പരം തള്ളിപ്പറയേണ്ടിവരും: കൂട്ടുകാരൊക്കെയും അന്നാളിൽ പരസ്പരം ശത്രുക്കളായിരിക്കും. ഭക്തന്മാരൊഴികെ'' (43: 67). പ്രവാചകൻ പറയുന്നു: 'മനുഷ്യൻ തന്റെ കൂട്ടുകാരനോടൊപ്പമായിരിക്കും. ഓരോരുത്തന്നും അവൻ സമ്പാദിച്ചതാണുണ്ടാവുക' (തിർമിദി). 'ചീത്ത കൂട്ടുകാരനുണ്ടാകുന്നത് സൂക്ഷിക്കുക. താങ്കൾ അറിയപ്പെടുക അവന്റെ പേരിലായിരിക്കും' (ഇബ്നു അസാകിർ).

നല്ല സുഹൃത്ത് കണ്ണാടിപോലെയാണ്. തെറ്റുകൾ കാണിച്ചുതരും. അത് തിരുത്താൻ സഹായിക്കും. നമ്മൾ പറയുന്നതൊക്കെ മൂളിക്കേൾക്കുകയും എല്ലാം തലയാട്ടി അംഗീകരിക്കുകയും ചെയ്യുന്നവരല്ല നല്ല കൂട്ടുകാർ. എപ്പോഴും നമ്മെപ്പറ്റി നല്ലത് മാത്രം പറയുകയും സദാ പ്രശംസിക്കുകയും ചെയ്യുന്നവരുമല്ല. മറിച്ച്, നല്ലത് കാണുമ്പോൾ അംഗീകരിക്കുകയും പ്രശംസിക്കുകയും ചീത്ത കാണുമ്പോൾ ചൂണ്ടിക്കാണിക്കുകയും തിരുത്തുകയും ചെയ്യുന്നവരാണ്. ഏതൊരാളുടെയും ഏറ്റവും വലിയ സൗഭാഗ്യം ഇത്തരം കൂട്ടുകാരുണ്ടാവുകയെന്നതാണ്. ഏറ്റവും ചീത്ത കൂട്ടുകാർ സാന്നിധ്യത്തിൽ വാഴ്ത്തുകയും അസാന്നിധ്യത്തിൽ ഇകഴ്ത്തുകയും ചെയ്യുന്നവരാണ്. സാന്നിധ്യത്തിൽ പോരായ്മകൾ കാണിച്ചുതരികയും അസാന്നിധ്യത്തിൽ നമുക്കുവേണ്ടി നിലകൊള്ളുകയും നമുക്കായി വിമർശനങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്നവരാണ് നല്ല ചങ്ങാതിമാർ.

നബി തിരുമേനി(സ) ഉത്തമ സുഹൃത്തിനെ ഉപമിച്ചത് കസ്തൂരി വഹിക്കുന്നവനോടാണ്. ഒന്നുകിൽ അവനോടത് വാങ്ങാം. അല്ലെങ്കിൽ അതിന്റെ സുഗന്ധമനുഭവിക്കാം. ചീത്ത കൂട്ടുകാരനെ അവിടുന്ന് ഉപമിച്ചത് ഉലയിൽ ഊതുന്നവനോടാണ്. അവൻ നമ്മുടെ വസ്ത്രം കരിക്കും. അല്ലെങ്കിൽ അതിന്റെ ദുർഗന്ധം നാം അനുഭവിക്കേണ്ടിവരും.

ഒരിക്കലും വറ്റാത്ത സ്നേഹത്തിന്റെ നീരുറവയാണ് സൗഹൃദം. അത് കൊടുക്കാനും എടുക്കാനും കഴിയുകയെന്നത് മഹത്തായ ഭാഗ്യമാണ്. നമ്മുടെ സുഖദുഃഖങ്ങളിൽ പങ്കാളിയാകുന്ന ഉത്തമ സുഹൃത്ത് ഉണ്ടാകുന്നത് മഹാഭാഗ്യമത്രെ. നല്ല സുഹൃത്ത് നല്ല മരം പോലെ സദാ തണലും സദ്ഫലങ്ങളും സമ്മാനിക്കുന്നു.

അതിനാൽ ധാരാളം നല്ല കൂട്ടുകാരെ സമ്പാദിക്കുക. അവർക്ക് സ്നേഹം നൽകി സ്നേഹം നേടുക. മക്കൾക്ക് നല്ല കൂട്ടുകാരെ നേടിക്കൊടുക്കുക. അവരുടെ സൗഹൃദം നല്ലവരുമായായാണെന്ന് ഉറപ്പുവരുത്തുക. ●